● മുസിരിസ് പദ്ധതി

# 9 റോഡുകളുടെ നവീകരണം ഈ മാസം തുടങ്ങും

സ്വന്തം ലേഖകൻ

കൊച്ചി: മുസിരിസ് പദ്ധതിയുടെ ഭാഗമായ ഒമ്പതു റോഡുകളുടെ നവീകരണം ഈ മാസം തുടങ്ങും. 20 കോടി ചെലവിൽ 30 കിലോമീറ്റർ റോഡാണ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉന്നത ഗുണനിലവാരത്തിൽ നവീകരിക്കുന്നത്. മുസിരിസ് പദ്ധതിയുടെ ഒന്നാംഘട്ടം ഉദ്ഘാടനത്തോടനുബന്ധിച്ച് ഫെബ്രുവരി പകുതിയോടെ മുഴുവൻ റോഡുകളുടെയും ടാറിങ് പൂർത്തിയാക്കാനും ലക്ഷ്യമിടുന്നു.

ഒമ്പതു റോഡുകളിൽ എട്ടും എറണാകുളം ജില്ലയിലാണ്. ഒന്ന് കൊടുങ്ങല്ലൂരിലും. ഒമ്പതിൽ രണ്ടെണ്ണത്തിന് കരാറായി. ഉന്നത നിലവാരത്തിൽ ടാർചെയ്യുന്ന ബിഎം ആൻഡ് ബിസി സമ്പ്രദായത്തിലാണ് എല്ലാറ്റിന്റെയും നിർമാണം. റോഡുകൾക്ക് വീതികൂട്ടൽ, വൈദ്യുതികാലുകളും മറ്റു തടസ്സങ്ങളും നീക്കൽ, സൗകര്യമനുസരിച്ച് വശങ്ങളിൽ നടപ്പാതയും സൈക്കിൾപാതയും നിർമിക്കൽ, കാനനിർമാണം, റോഡുകളുടെ ദിശയും പേരും എഴുതി സ്ഥാപിക്കൽ എന്നിവയാണ് പദ്ധതിപ്രകാരം നടക്കുക. കൊടുങ്ങല്ലൂർ മുനിസിപ്പൽ പാർക്ക് റോഡ്, പറവൂർ കെഎംകെ ജങ്ഷൻ-ചേന്ദമംഗലം ജങ്ഷൻ റോഡ് എന്നിവയ്ക്കാണ് കരാറായത്. നിർമാണജോലികൾ അടുത്തയാഴ്ച തുടങ്ങും.

രണ്ടു റോഡുകളുടെ നവീകരണത്തിന് കരാർ നൽകാൻ ടെൻഡർ കമ്മിറ്റിയുടെ അനുമതി കിട്ടി. ചേന്ദമംഗലം ജങ്ഷൻ-പാലിയം കൊട്ടാരം റോഡ്, പട്ടണം-പുഴക്കരയേടത്ത്-മാച്ചാൻതുരുത്ത് റോഡ് എന്നിവയാണത്. മറ്റു റോഡുകളുടെ ടെൻഡർ നടപടി പൂർത്തിയായി. ഔദ്യോഗിക അനുമതി കിട്ടാനുള്ള താമസം മാത്രമാണ് ബാക്കി. പാലിയം നടയിൽനിന്ന് കോട്ടയിൽ കോവിലകംവരെ നീളുന്ന എ എ ജലീൽ റോഡ്, മുനമ്പം-ചെറായി ജങ്ഷൻ റോഡ്, ചേന്ദമംഗലം ജങ്ഷൻ-പാലിയം കൊട്ടാരം റോഡ്, പാലിയം-ഗോതുരുത്ത്-വടക്കുംപുറം റോഡ്, ആറങ്കാവ്-കരിമ്പാടം റോഡ് എന്നിവയുടെ നവീകരണത്തിനുള്ള നടപടി ജനുവരിയിൽതന്നെ പൂർത്തിയാകും.

രണ്ടുതവണ ടെൻഡർ ചെയ്തിട്ടും കരാർ നൽകാനാകാതെ റോഡ് നവീകരണം നീണ്ടപ്പോൾ മന്ത്രിസഭാ ഉപസമിതി ഇടപെട്ടുണ്ടാക്കിയ തീർപ്പാണ് നടപടി വേഗത്തിലാക്കിയത്. കരാറുകാർ ഉയർന്ന തുക ക്വാട്ട്ചെയ്തതിനാലാണ് രണ്ടു ടെൻഡറുകളും പാഴായത്. തുടർന്ന് മന്ത്രിസഭാ ഉപസമിതി 25 ശതമാനം വർധനയോടെ 2009 ഷെഡ്യൂളിൽ ടെൻഡർ അനുവദിക്കാൻ നിർദേശം നൽകി. മന്ത്രിമാരായ തോമസ് ഐസക്കും എസ് ശർമയും ഉൾപ്പെടുന്ന മോണിറ്ററിങ് കമ്മിറ്റിയുടെ പങ്കും നടപടികൾ വേഗത്തിലാക്കി. മാർച്ചോടെ എല്ലാ നവീകരണവും പൂർത്തിയാകും. പദ്ധതിയിൽ ഉൾപ്പെട്ട 14 ജെട്ടികളുടെ നിർമാണം പൂർത്തിയാകുന്നതു വരെ ഉപയോഗിക്കാൻ മൂന്ന് താൽക്കാലിക ഫ്ളോട്ടിങ് ജെട്ടികൾ സ്ഥാപിക്കാനും തീരുമാനമായി.

ഫെബ്രുവരി 18ന് മുസിരിസ് പദ്ധതിയുടെ ആദ്യഘട്ടം ഉദ്ഘാടനംചെയ്യും. പാലിയം കൊട്ടാരം, നാലുകെട്ട് മ്യൂസിയങ്ങൾ, പറവൂർ, ചേന്ദമംഗലം സിനഗോഗുകൾ, കോട്ടപ്പുറം പെരിയാർതീരത്തെ നവീകരണം, കോട്ടപ്പുറം കോട്ടയുടെ ഒന്നാംഘട്ടം എന്നിവയാണ് 18നു തുറക്കുന്നത്.